പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215 | 27-01-2014-ൽ മറുപടിക്ക്

ജലനിധി രണ്ടാം ഘട്ടം.

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി.
ശ്രീ. എ.എം. ആരിഫ്.
ശ്രീ. കെ.കെ. ജയചന്ദ്രൻ.

ഉത്തരം

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ജലനിധി രണ്ടാം ഘട്ടത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(എ) ജലനിധി രണ്ടാം ഘട്ടത്തിന്റെ പുരോഗതി എല്ലാ മാസവും സംസ്ഥാന തലത്തിലും മേഖലാ തലത്തിലുമുള്ള അവലോകന യോഗങ്ങളിൽ വിലയിരുത്താറുണ്ട്; 1022 കോടി രൂപ മുതൽ മുടക്കി ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര പദ്ധതിയാണ് ജലനിധി രണ്ടാംഘട്ടം. ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ബാച്ച് 1-ൽ 22 ഗ്രാമ പഞ്ചായത്തുകളേയും ബാച്ച് 2-ൽ 68 ഗ്രാമപഞ്ചായത്തുകളേയുമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ബാച്ച് 1-ലെ പദ്ധതി പ്രവർത്തനങ്ങൾ നിർമ്മാണഘട്ടത്തിലും ബാച്ച് 2-ലേത് ആസൂത്രണഘട്ടത്തിലുമാണ്. ബാച്ച് 1-ൽ 928 ഗുണഭോക്തൃ സമിതികളിലായി 46234 വീട്ടുകൾ ഇപ്പോൾ സജീവമായിട്ടുണ്ട്. ഇവർക്കായി 485 കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആയതിൽ 44 കുടിവെള്ള പദ്ധതികൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചു കഴിഞ്ഞു. മാർച്ച് 2014-ഓട്ടുകൂടി ഏകദേശം 300 കുടിവെള്ള പദ്ധതികൾ കൂടി പൂർത്തീകരിക്കാനാവുമെന്നാണ് കരുതുന്നത്. ബാച്ച് 2-ൽ

1585 ഗുണഭോക്തൃസമിതികൾ ജനറൽ പദ്ധതിയിലും 614 സമിതികൾ ട്രൈബൽ പദ്ധതിയിലുമായി 140804 വീടുകൾ 31-12-2013 വരെ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ 7 മൾട്ടി പഞ്ചായത്ത് പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിൽ തൃശ്ശൂർ ജില്ലയിലെ മാള പഞ്ചായത്തിലും അതിനടുത്തുള്ള 5 പഞ്ചായത്തുകളിലും (പൊയ്യ, വെള്ളാങ്കല്ലൂർ, കുഴൂർ, അന്നമനട,. പുത്തൻചിറ), മലപ്പുറം ജില്ലയിലെ ഊരകം, വേങ്ങര മൾട്ടിപഞ്ചായത്ത് പദ്ധതിയിലും, പെരുമണ്ണ ക്ലാരി, ഒഴൂർ മൾട്ടി പഞ്ചായത്ത് പദ്ധതിയിലും ഇതിനോടകം തന്നെ പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ബി) ഇതിനായി എന്തു തുക നീക്കിവെച്ചിരുന്നെന്നും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ;

(ബി) ജലനിധി രണ്ടാം ഘട്ടം പദ്ധതി നടത്തിപ്പിനായി ആകെ 1022 കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. നടപ്പ് വർഷം ഈ ആവശ്യത്തിനായി 193 കോടി രൂപ ബഡ്ജറ്റിൽ നീക്കിവെച്ചിരിക്കുന്നു. 30-12-2013 വരെ 55.36 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്.

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) രണ്ടാം ഘട്ട പദ്ധതിയുടെ കാലയളവ് ജനുവരി 2012 മുതൽ ജൂൺ 2017 വരെയാണ്.

സെക്ഷൻ ഓഫീസർ